REGIONAL NEWS UNIT, ALL INDIA RADIO, CALICUT

ആകാശവാണി

പ്രാദേശിക വാർത്തകൾ

തിയ്യതി: 04-11-2026 സമയം 06.45 AM

പ്രധാന വാർത്തകൾ

- സാങ്കേതികവിദ്യാധിഷ്ഠിതമായ ആധുനിക യുദ്ധ മുറകളും വെല്ലുവിളികളും നേരിടാൻ സേനകളെ സജ്ജമാക്കേണ്ടത് അത്യാവശ്യമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.
- സാമൂഹിക നീതി, ശാക്തീകരണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ വയോ സമ്മാൻ രാഷ്ട്രീയ അഭിയാൻ പ്രചാരണ പരിപാടിക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം.
- പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അധ്യക്ഷരുടെ ദേശീയ സമ്മേളനം ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും.
- സംസ്ഥാനത്ത് ഞായറാഴ്ച വരെ ഇടിമിന്നലോടുകൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- ഇന്ത്യ-ന്യൂസിലൻഡ് അഞ്ചുമത്സര ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം അല്പസമയത്തിനകം.

വാർത്തകൾ വിശദമായി

സാങ്കേതികവിദ്യാധിഷ്ഠിതമായ ആധുനിക യുദ്ധമുറകളെയും പുതിയ വെല്ലുവിളികളെയും നേരിടാൻ സേനകളെ സജ്ജമാക്കേണ്ടത് അത്യാവശ്യമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. രാജസ്ഥാനിലെ ജയ്സാൽമീറിൽ, രാജ്യരക്ഷാ മന്ത്രാലയത്തിന്റെ ഉപദേശക സമിതി യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

ഡെസ്ക് റിപ്പോർട്ട്

.....വോയ്സ്.....

'ഇന്ത്യൻ പ്രതിരോധ സേനകളുടെ ആധുനികവൽക്കരണം' എന്ന വിഷയത്തിലായിരുന്നു യോഗം. ബജറ്റ്, മൂലധന സംഭരണം, സ്വയം പര്യാപ്തത, സാങ്കേതികവിദ്യ, മാനവവിഭവശേഷി എന്നീ ഘടകങ്ങളി ലൂടെയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. നടപ്പു സാമ്പത്തിക വർഷത്തിൽ രാജ്യരക്ഷാബജറ്റ് 7.85 ലക്ഷം കോടി രൂപയുടെ റെക്കോർഡ് തുകയാണെന്നും ഇതിൽ 2.19 ലക്ഷം കോടി രൂപയും സൈന്യത്തിന്റെ ആധുനിക വൽക്കരണത്തിനും ആയുധങ്ങൾ ഉൾപ്പെടെ മൂലധന സംഭരണത്തിനുമാണ് നീക്കിവെച്ചിരിക്കുന്നതെന്നും രാജ്നാഥ് സിങ് പറഞ്ഞു. സേനകളുടെ പ്രവർത്തനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം, ആഭ്യന്തര പ്രതിരോധ വ്യവസായങ്ങളെയും ഉൽപ്പാദന ശേഷികളെയും ശക്തിപ്പെടുത്തുന്നതിന് പ്രതിബദ്ധതയാണ് ഇത് പ്രതിഫലിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. രാജ്യരക്ഷാ സഹമന്ത്രി സഞ്ജയ് സേത്ത്, പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗ് എന്നിവരും മറ്റ് മുതിർന്ന സിവിൽ, സൈനിക ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

✪✪✪

ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ തദ്ദേശീയമായി വികസിപ്പിച്ച 'പ്രളയ്' ക്വാസി-ബാലിസ്റ്റിക് മിസൈൽ വിജയകരമായി പരീക്ഷിച്ചു. ഒഡീഷയിലെ ചാന്ദിപ്പൂർ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിലെ ലോഞ്ച് കോംപ്ലക്സ്-3 ൽ നിന്നായിരുന്നു പരീക്ഷണം. 500 കിലോമീറ്റർ അകലെ രണ്ട് ലക്ഷ്യങ്ങൾ മിസൈൽ കൃത്യമായി ഭേദിച്ചതായി ഉദ്യോഗസ്ഥർ അറിയിച്ചു. പരീക്ഷണത്തിന്റെ ഭാഗമായി സമീപ ഗ്രാമങ്ങളിൽ നിന്ന് 2,500-ലധികം ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചിരുന്നു. വിവിധ വാർഹെഡുകൾ വഹിക്കുന്ന പ്രളയ് മിസൈലിന് 500 കിലോമീറ്റർ വരെ പ്രഹരശേഷിയുണ്ട്.

✪✪✪

ഭൂട്ടാൻ രാജാവും ജനങ്ങളും കാണിച്ച ഊഷ്മളതയും ഉദാരതയും തന്നെ ഏറെ സ്പർശിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഭൂട്ടാനിലെ ഗെലെഫു മൈൻഡ്ഫുൾനെസ് സിറ്റിയിൽ 108 സ്തൂപങ്ങൾ സ്ഥാപിച്ചതിനോടനുബന്ധിച്ച്, ഈ മാസം ഒന്നിന് സമർപ്പണ ചടങ്ങിൽ നരേന്ദ്ര മോദിയെ ആദരിച്ചിരുന്നു. ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കും കേന്ദ്രമന്ത്രി കിരൺ റിജിജുവും ചേർന്ന് 76-ാമത് സ്തൂപം പ്രധാനമന്ത്രിക്ക് സമർപ്പിച്ചാണ് ഫലകം അനാച്ഛാദനം ചെയ്തത് .

✪✪✪

സാമൂഹിക നീതി, ശാക്തീകരണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ വയോ സമ്മാൻ രാഷ്ട്രീയ അഭിയാൻ പ്രചാരണ പരിപാടിക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. കേന്ദ്ര മന്ത്രി വീരേന്ദ്ര കുമാർ പരിപാടി ഉദ്ഘാടനം ചെയ്യും. മുതിർന്ന പൗരന്മാരും യുവതലമുറയും തമ്മിൽ അർത്ഥവത്തും സുസ്ഥിരവുമായ ഇടപെടലുകൾ ഉറപ്പാക്കുന്ന സംവിധാനം ഒരുക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. മുതിർന്ന പൗരന്മാരോട് ബഹുമാനം, ധാരണ, സൗഹൃദം എന്നിവ വളർത്തുന്നതിനും, ഉത്തരവാദിത്തങ്ങൾ പങ്കിട്ടെടുക്കാൻ യുവതലമുറയെ പ്രാപ്തരാക്കുന്നതിനും പ്രചാരണം സഹായിക്കും.

✪✪✪

നേപ്പാളിലെ സോളുഖുംബു ജില്ലയിൽ ഹെലികോപ്റ്ററുകൾ കൂട്ടിയിടിച്ചു ഇന്ത്യൻ പൗരൻ മരണപ്പെട്ട സംഭവത്തിൽ കാഠ്മണ്ഡുവിലെ ഇന്ത്യൻ എംബസി അനുശോചനം രേഖപ്പെടുത്തി. മൃതദേഹം എത്രയും വേഗം നാട്ടിലെത്തിക്കുന്നതിന് നേപ്പാളിലെ അധികൃതരുമായി ചേർന്ന് പ്രവർത്തിച്ചു വരികയാണെന്ന് എംബസി അധികൃതർവ്യക്തമാക്കി.

✪✪✪

SIR നിടെ കരട് വോട്ടർ പട്ടികയിൽ പേര് വിട്ടുപോയ വോട്ടർമാർക്ക് പുതുതായി പേര് ചേർക്കാൻ ഫോം 6 സമർപ്പിക്കുന്നതിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തത വരുത്തി. നിലവിലെ വോട്ടർമാർ കരട് പട്ടികയിൽ പേരില്ലാത്തപക്ഷം ഫോം 6 നൽകുന്നത് തെറ്റായ പ്രഖ്യാപനമായി കണക്കാക്കില്ലെന്നും, ഇവർക്കെതിരെ 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ 31-ാം വകുപ്പ് പ്രകാരം നടപടിയെടുക്കില്ലെന്നും കമ്മീഷൻ അറിയിച്ചു.

✪✪✪

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അധ്യക്ഷരുടെ ദേശീയ സമ്മേളനം ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും. പാർലമെന്റിലെയും വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നിയമസഭകളിലെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികളുടെ അധ്യക്ഷരാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. സമ്മേളനത്തിന്റെ സെഷനുകൾ രാവിലെ തുടരും. രാവിലെ 11.45-ന് ലോക്സഭാ സ്പീക്കർ ഓം ബിർള സമാപന പ്രസംഗം നടത്തും.

✪✪✪

ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ'ന്റെ ആദ്യ ഉപകേന്ദ്രം, മുഖ്യമന്ത്രി വി.ഡി. സതീശൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ശാസ്ത്രീയ മനോഭാവവും യുക്തിസഹ അന്വേഷണസംസ്കാരവും

പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് 300 ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്ന വിപുല പദ്ധതിയുടെ തുടക്കമാണ് സയന്റിഫിക് ടെമ്പർ.

✪✪✪

എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ ആരംഭിച്ച 10-ാമത് കൊച്ചി ലിറ്ററേച്ചർ ഫെസ്റ്റിവൽ ഇന്ന് വൈകിട്ട് മുഖ്യമന്ത്രി വി.ഡി. സതീശൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. പുസ്തകോത്സവത്തിന്റെ ഭാഗമായി ഇന്നലെ ഇന്ത്യൻ ഭരണഘടനയെപ്പറ്റി ചർച്ച സംഘടിപ്പിച്ചു. ദേശീയ ലോ കമ്മീഷൻ ചെയർമാൻ, ജസ്റ്റിസ് ദിനേഷ് മഹേശ്വരി ഉദ്ഘാടനം ചെയ്തു.

✪✪✪

മകൾക്കൊപ്പം പദ്ധതിയുടെ ഭാഗമായി പുതുയുഗ വനിതാനയം രൂപീകരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച രണ്ടു ദിവസത്തെ നയരൂപീകരണ ഉച്ചകോടി HER SUMMIT ’26, തിരുവന്തപുരത്ത് സമാപിച്ചു. സംസ്ഥാനതലം മുതൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വരെ നയരൂപീകരണ സമിതികളിൽ സ്ത്രീകൾക്ക് 50 ശതമാനം പ്രാതിനിധ്യം ഉറപ്പാക്കണമെന്ന് സമാപനച്ചടങ്ങിൽ മുഖ്യാതിഥിയായ ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ പറഞ്ഞു. നിയമസാക്ഷരതയ്ക്കൊപ്പം സ്ത്രീകൾക്ക് ഡിജിറ്റൽ സാക്ഷരതയും ഉറപ്പാക്കണം. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ വനിതാ അധ്യക്ഷരെ ഉൾപ്പെടുത്തി കൂട്ടായ്മകൾ രൂപീകരിക്കണമെന്നും ഡെപ്യൂട്ടി സ്പീക്കർ നിർദ്ദേശിച്ചു.

✪✪✪

സംസ്ഥാനത്ത് ഞായറാഴ്ച വരെ ഇടിമിന്നലോടുകൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് കോട്ടയം, ഇടുക്കി, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

✪✪✪

തൃശൂർ ജില്ലയിലെ മുണ്ടത്തിക്കോട്, കഴിഞ്ഞ ഏപ്രിൽ 21ന് പതിനാറ് പേരുടെ മരണത്തിനിടയാക്കിയ വെടിക്കെട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷിച്ച റിട്ട. ജസ്റ്റിസ് N രാമചന്ദ്രൻനായർ കമ്മീഷൻ ഗവൺമെന്റിന് റിപ്പോർട്ട് നൽകി. മന്ത്രി രമേശ് ചെന്നിത്തലയ്ക്കാണ് റിപ്പോർട്ട് കൈമാറിയത്.

✪✪✪

ഇന്ത്യ-ന്യൂസിലൻഡ് അഞ്ചുമത്സര ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. ഓക്‌ലൻഡിലെ ഈഡൻ പാർക്കിൽ ഇന്ത്യൻ സമയം, രാവിലെ 7.30-നാണ് ആദ്യ മത്സരം. ന്യൂസിലൻഡിനെതിരായ 5 മത്സരങ്ങളടങ്ങിയ ട്വന്റി 20 പരമ്പര ഇതിനകം ഇന്ത്യ 3-2 എന്ന നിലയിൽ സ്വന്തമാക്കിയിരുന്നു.

✪✪✪

സെനഗലിൽ യൂത്ത് ഒളിമ്പിക് ഗെയിംസിൽ വനിതകളുടെ വുഷുവിൽ ഇന്ത്യയുടെ രാജ്കുമാരി ലഞ്ചെൻബി ചാനു, വെങ്കല മെഡൽ നേടി ചരിത്രനേട്ടം കൈവരിച്ചു. യൂത്ത് ഒളിമ്പിക്സിൽ വുഷു ഔദ്യോഗിക ഇനമായതോടെ ഈ ഇനത്തിൽ ഇന്ത്യയുടെ ആദ്യ മെഡലാണിത്.

വനിതകളുടെ 63 കിലോ ജുഡോയിൽ ഖുഷ്ബു രജക് ഭായ് ദർജാദ വെള്ളിയും, വനിതകളുടെ 100 മീറ്റർ ഫ്രീസ്റ്റൈൽ നീന്തലിൽ ദിനിധി വെങ്കലവും കഴിഞ്ഞ ദിവസം നേടിയിരുന്നു.

✪✪✪

ചെന്നൈ ഓപ്പൺ ടെന്നീസ് ടൂർണമെന്റിൽ ഇന്ത്യൻ താരങ്ങളായ മായാ രാജേശ്വരൻ രേവതിക്കും വൈഷ്ണവി അഡ്കറിനും ജയം. ഇരുവരുടെയും കരിയറിലെ ആദ്യ ടൂർ വിജയമാണിത്. മായ, ലോക 115-ാം റാങ്കുകാരി പോളണ്ടിന്റെ കതാർസിന കാവയെയും, വൈഷ്ണവി ബ്രിട്ടന്റെ ജോഡി ബുറേജിനെയുമാണ് തോൽപ്പിച്ചത്.

✪✪✪

ഒമ്പതാമത് ഹീറോ ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിൽ രണ്ടാം സെമിഫൈനലിൽ ഇന്ത്യ ഇന്ന് ദക്ഷിണ കൊറിയയെ നേരിടും. മൊഹാലിയിലെ ഒളിമ്പ്യൻ ബൽബീർ സിംഗ് സീനിയർ ഇന്റർനാഷണൽ ഹോക്കി സ്റ്റേഡിയത്തിൽ വൈകുന്നേരം ഏഴിനാണ് മത്സരം. ലീഗ് ഘട്ടത്തിലെ 5 മത്സരങ്ങളും വിജയിച്ച് ഒന്നാം സ്ഥാനക്കാരായാണ് ഇന്ത്യ സെമിഫൈനലിൽ പ്രവേശിച്ചത്.

✪✪✪

പ്രശസ്ത ഫുട്ബോൾ കളി എഴുത്തുകാരനും നോവലിസ്റ്റും കമന്റേറ്ററുമായ ഭാസി മലാപ്പറമ്പ് കോഴിക്കോട്ട് അന്തരിച്ചു. വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് മലാപ്പറമ്പിലെ വസതിയിലായിരുന്നു 85-കാരനായ അദ്ദേഹത്തിന്റെ അന്ത്യം. സന്തോഷ് ട്രോഫി, നെഹ്റു കപ്പ് ഇന്റർനാഷണൽ ടൂർണമെന്റ്, നാഗ്ജി ട്രോഫി എന്നിവയിലൂടെ കാണികൾക്കിഷ്ടപ്പെട്ട ഫുട്ബോൾ കമന്റേറ്ററായിരുന്നു അദ്ദേഹം. ആകാശവാണിക്കു വേണ്ടിയും ഇദ്ദേഹം ഫുട്ബോൾ കമന്ററി നടത്തിയിരുന്നു. ഫിഫയുടെ അക്രഡിറ്റഡ്

ജേർണലിസ്റ്റായി മലയാള മനോരമ അടക്കം പത്രങ്ങൾക്ക് ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 'ഗോൾഡൻ ഗോൾ', ലോകകപ്പ് ഫുട്ബോൾ ഒരു ചരിത്ര അവലോകനം' എന്നീ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. USA ആസ്ഥാനമായ സായി മാം ഫൗണ്ടേഷന്റെ കായികരംഗത്തെ സമഗ്ര സംഭാവന പുരസ്കാരം, തിരുവനന്തപുരം സ്പോർട്സ് ലവേഴ്സ് അസോസിയേഷൻ ബെസ്റ്റ് വേൾഡ് കപ്പ് റിപ്പോർട്ടർ പുരസ്കാരം, തെക്കൻ കൊറിയയിലെ സോളിലെ ബാബയുടെ ഏറ്റവും നല്ല ഫോറിൻ ജേർണലിസ്റ്റ് അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

✪✪✪

ദീപാവലിയോട് അനുബന്ധിച്ച് ദക്ഷിണ റെയിൽവേയുടെ സ്പെഷൽ ട്രയിനുകളുടെ റിസർവേഷൻ ഇന്നാരംഭിക്കും. മറ്റന്നാൾ ബെംഗലൂരു കണ്ടോൺമെന്റിൽ നിന്നു തിരുവനന്തപുരം നോർത്തിലേക്കു പുറപ്പെടുന്ന എക്സ്പ്രസ്, ഈ മാസം പത്തിനു തിരുവനന്തപുരം നോർത്തിൽ നിന്നു പുറപ്പെടുന്ന നാഗർകോവിൽ-താമ്പരം എക്സ്പ്രസ്, തിരുവനന്തപുരം നോർത്തിൽ നിന്ന് ആലപ്പുഴ- പാലക്കാട് വഴി ചെന്നൈ എഗ്മൂറിലേക്കുള്ള എക്സ്പ്രസ് എന്നിവയുടെ റിസർവ്വേഷനാണ് രാവിലെ എട്ടു മണിക്ക് ആരംഭിക്കുന്നത്.

✪✪✪

കൊച്ചി മെട്രോ രണ്ടാംഘട്ടം നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പാലാരിവട്ടം സെന്റ് മാർട്ടിൻ ചർച്ചിന് സമീപം പൈലിംഗ് പ്രവൃത്തികൾ നടത്തുന്നതിനാൽ, S.N. ജംഗ്ഷൻ മുതൽ സെന്റ് മാർട്ടിൻ ചർച്ച് വരെ റോഡ്, താൽക്കാലികമായി അടച്ചിടും.

ഇടപ്പള്ളി ഭാഗത്തുനിന്ന് കലൂരിലേക്ക് പോകുന്ന വാഹനങ്ങൾ S.N. ജംഗ്ഷനിൽ നിന്ന് പാലാരിവട്ടം ജംഗ്ഷനിലെത്തി വലത്തോട്ട് തിരിഞ്ഞ് പോകേണ്ടതാണ്. നാളെ മുതലാണ് ട്രയൽ റൺ അടിസ്ഥാനത്തിൽ വാഹനങ്ങൾ വഴിതിരിച്ചുവിടുക. ഒരു മാസത്തേക്കാണ് ഗതാഗത നിയന്ത്രണം.

✪✪✪

News Editor : പി ചന്ദ്രബാബു
News Reader: അബ്ദുൾ കബീർ
News Team: സാലിം
DEO: സി കെ സുബോധ്